Day 56 of 90 days ✝✝✝ 20th December 2017

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

എത്ര ശ്രേഷ്ഠമേറിയ അനുഭവമാണിത്. ഈ പുൽമേടുകളിൽ ആയിരിക്കുന്നവർ ദൈവത്തിന്റെ അടുക്കലാണിരിക്കുന്നത്. ദൈവത്തിന്റെ വലംകൈ അവരെ പിടിച്ചിരിക്കുന്നു. ഇത്ര ശ്രേഷ്ഠമേറിയ അനുഭവം മററൊരിടത്തും കാണുവാൻ സാധിക്കുകയില്ല. ഇത്രമാത്രം ശ്രേഷ്ഠമേറിയ പുൽമേടുകളിലൂടെ നമ്മെ നടത്തുവാൻ പ്രസാദിച്ച ദൈവത്തിന് സ്തോത്രം. ഈ അനുഭവത്തിൽ ആയിരിക്കാതെ, നിലനിൽക്കാതെ ആയിരിക്കുന്ന പ്രിയമുള്ളവരേ! ഈ നല്ല ഇടയൻ നമ്മെ സ്നേഹമായി ക്ഷണിക്കുന്നു. അവൻ ഒരുക്കിയിരിക്കുന്ന പച്ച പുൽമേടുകളിൽ നമുക്ക് കിടക്കാം. അവിടേക്ക് പോകാം. ലോകത്തിൽ അലയുന്നത് നിർത്തുക. യേശുവിന്റെ പാദത്തിങ്കൽ പോകാം. നിത്യവിശ്രമവും സന്തോഷവും ആശ്വാസവും സ്വസ്ഥതയും അനുഭവിക്കാം. സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്ക് നമ്മെ നടത്തുന്നു. ഭക്ഷിക്കുവനായി പച്ചപുല്ലുകൾ എത്രമാത്രം ഉണ്ടായിരുന്നാലും ആടുകൾക്ക് ജീവിക്കുവാൻ വെള്ളം കൂടെ ആവശ്യമാണ്. കിടക്കുന്നത് അതിമനോഹരമായ പച്ചപുൽമേടുകളിലായിരിക്കും. പക്ഷേ അതിന്റെ സമൃദ്ധികൊണ്ടു മാത്രം ജീവൻ നിലനിൽക്കുകയില്ല.

ആവശ്യത്തിന് പച്ചപുൽ ഭക്ഷിച്ചതിനുശേഷം അവിടെ നിന്നും വെള്ളത്തിനരികത്തേക്ക് പോകേണ്ടത് ആടുകളുടെ ജീവിതത്തിൽ ഒഴിച്ചു കൂടുവാൻ പാടില്ലാത്ത ആവശ്യവും കർത്തവ്യവുമാണ്. ഇത് അറിയാവുന്ന ഇടയൻ, ആടുകൾ പുല്ലു തിന്നുന്ന സമയം നോക്കി അവയ്ക്കു പററിയ ജലം എവിടെയുണ്ടെന്നു കണ്ടു പിടിക്കുകയും പുല്ലുകളുടെ ഇടയിൽ നിന്ന് അവയെ സാവകാശം വെള്ളത്തിനരികിലേക്ക് നയിക്കുകയും ചെയ്യുന്നു. വെള്ളം കുടിക്കാതെ ഒരു ദിവസംപോലും തള്ളി നീക്കുവാൻ കഴിയുന്ന മൃഗമല്ല ആട്. മരുപ്രദേശങ്ങളിലുള്ള ചില ജന്തുക്കൾക്ക് അനേകം നാളുകൾ വെള്ളം കുടിക്കാതെ ജീവിക്കുവാൻ കഴിയും. ഒട്ടകങ്ങൾക്കാണെങ്കിൽ ഒരിക്കൽ ആമാശയത്തിൽ വെള്ളം സംഭരിച്ചു വച്ചിട്ട് അത് വിനിയോഗിച്ച് അനേകദിവസങ്ങൾ വെള്ളമില്ലാതെ മരുഭൂമിയിലൂടെ യാത്ര ചെയ്യുവാൻ കഴിയും. എന്നാൽ ആടുകൾ അവയിൽ നിന്നെല്ലാം വ്യത്യസ്ഥമാണ്. സമയത്ത് വെള്ളം ലഭിക്കാതിരുന്നാൽ ആട് വാടി തളർന്നുപോകും. ഒരു ദൈവപൈതലിനെ ആടിനോട് താരതമ്യപ്പെടുത്തിയിരിക്കുന്നത് എത്ര അർത്ഥവത്താകുന്നു.

തുടരും....